കെ.പി.സി.എച്ച്.എസ്.എസ്.പട്ടാന്നൂർ

ലിറ്റിൽകൈറ്റ്സ്



# സർഗ്ഗദർപ്പണം

# K.P.C.H.S.S.PATTANUR

PATTANUR (PO)

670595

MATTANUR SUB DISTRICT

KANNUR DISTRICT



# ആശംസ

നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ തയ്യാറാക്കുന്ന മാർഗസീനിന് എല്ലാവിധ ആശംസകളും നേരുന്നു. കലാ-സാഹിത്യ സൃഷ്ടികൾ നടത്തിയ എല്ലാ വിദ്യാർത്ഥികൾക്കും പ്രത്യേകം അഭിനന്ദനങ്ങൾ .

പി.വി. മനോഹരൻ
ഹെഡ് മാസ്റ്റർ
കെ.പി.സി.എച്ച്എസ്എസ്
പട്ടാന്നൂർ



ID 90880264
© Indiloo | Dreamstime.com
Download from Dreamstime.com
This watermarked comp image is for previewing purposes only.

# EDITORIAL BOARD

CHIEF EDITOR : SANDEEP .A.
SUB EDITOR :NISHA .C.K.

STUDENT EDITOR : HRITHIK VIJAY CK
KARTHIKA BALAGOPALAN KV
ADITHYA ON
ASWANA ASHOK
THEERTHA
SHARMINA

MEMBERS :

AKSHAYA
ADITHYAKRISHNAN
KARTHIK VS
GOPIKA T
SREEHARI
FATHIMATHU SAJA KC
FATHIMA SUFANA

# ആമുഖം

- വിവരവിനിമയ സാങ്കേതിക വിദ്യയുടെ സഹായത്തോടെ മുന്നോട്ടുപോകുന്ന ലോകത്ത് നമ്മുടെ വിദ്യാർത്ഥികൾക്ക് പ്രചോദനം നൽകുവാനായി പൊതു വിദ്യാഭ്യാസവകുപ്പ് ആരംഭിച്ച ലിറ്റിൽകൈറ്റ്സ് ഐ .ടി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ അധ്യാപക- വിദ്യാര്ത്ഥി സമൂഹത്തിന്റെ സർഗാത്മക രചനകൾ പരിപോഷിപ്പിക്കുവാനും പ്രസിദ്ധീകരിക്കാനുമാണ് ഇത്തരത്തിലൊരു ഡിജിറ്റൽ മാഗസീൻ തയ്യാറാക്കിയിരിക്കുന്നത് .

ഈ മാഗസീൻ തയ്യാറാക്കുന്നതിനായ് Open Office Writer, GIMP , തുടങ്ങിയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചു. ലിറ്റിൽകൈറ്റ്സ് അംഗങ്ങളുടെ കൂട്ടായപ്രവര്ത്തനവും,അധ്യാപകനിർദ്ദേശങ്ങളും ഈ മാഗസീനിന്റെ പൂർത്തീകരണത്തിന് സഹായികമായി. ഈ മാഗസീൻ നിങ്ങളുടെ അംഗീകാരത്തിനായി ഞങ്ങൾ സമർപ്പിക്കുന്നു.....

# ലിറ്റിൽ കൈറ്റ്സ്

കേരള സംസ്ഥാന ഗവൺമെന്റിന്റെ ഇന്ത്യയിലെ ഏറ്റവും വലിയ ഐ.ടി കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്.

ഒരു വിദ്യാലയത്തിലെ തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾ ലിറ്റിൽ കൈറ്റ്സ് എന്ന ഐ.ടി കൂട്ടായ്മയിൽ അംഗമാകുന്നു.ഒരു സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ,മിസ്ട്രസ് എന്നിവർകുട്ടികൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നു. പ്രോഗ്രാമിങ്ങ്,റോബോട്ടിക്സ്,മൊബൈൽ ആപ്പ് നിർമ്മാണം,QR code നിർമ്മാണം തുടങ്ങിയ നൂതന സാങ്കേതിക വിദ്യകൾ ഇവരെ പരിശീലിപ്പിക്കുന്നു. കൂടാതെ ക്ലാസ്റൂമിലെ ഹൈടെക് ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള ട്രെയിനിങ്ങും അവർക്ക് ലഭിക്കുന്നു.സ്കൂൾ തലത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾ സബ്ജില്ലാ ക്യാമ്പിലേക്കും തുടർന്ന് ജില്ലാ,സംസ്ഥാന ക്യാമ്പിലേക്കും അവസരം ലഭിക്കുന്നു.

ജില്ലയിലെ മികച്ച ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾക്കുള്ള പുരസ്കാരം തിരുവനന്തപുരത്തു വച്ച് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി പിണറായി വിജയന്റെ സാന്നിധ്യത്തിൽ വിദ്യാഭ്യാസ മന്ത്രി സമ്മാനിച്ചു.നമ്മുടെ വിദ്യാലയ പ്രധിനിധികൾ ഏറ്റുവാങ്ങി.

വിദ്യാഭ്യാസ ശാസ്ത്ര വ്യാവസായിക പ്രദർശനം k.P.C expo-2019 ഈ വിദ്യാലയത്തിൽ വെച്ചുനടന്നു.സമീപ പ്രദേശത്തെ വിദ്യാലയങ്ങളിൽ നിന്നുള്ള കുട്ടികളും പൊതു

ജനങ്ങളുംപങ്കെടുത്തു.ആനിമേഷൻ,റോബോട്ടിക്സ്,കംബ്യൂട്ടർ ഹാർ-ഡ് വെയർ എന്നിവയുടെ പ്രദർശനം നടന്നു.

കുട്ടികൾക്കും പൊതുജനങ്ങൾക്കും സൗജന്യമായി സ്വതന്ത്രസോഫ്റ്റുവെയർ ഇൻസ്റ്റാൾ ചെയ്തു കൊടുത്തു.

2018-19 ലിറ്റിൽ കൈറ്റസ് സബ്ജില്ലാതല ക്യമ്പിൽ ധാന, കീർത്തൻ, അഷിൻ, അനീഷ്മ, റിഫാന, ആരോമൽ, ശ്രീലക്ഷ്മി, ഫാത്തിമത്ത് ഫിദ, എന്നി വിദ്യാർത്ഥികൾ പങ്കെടുത്തു. കീർത്തൻ ജില്ലാതല ക്യമ്പിൽ പങ്കെടുത്തു. കൈറ്റിന്റെ ആഭിമുഖ്യത്തിൽ നടന്ന ക്യാമറ പരിശീലനത്തിലും ന്യൂസ് നിർമ്മാണത്തിനുമുള്ള ക്യമ്പിൽ നിവേദ്,ജെന്നി, അർച്ചന, സാരംഗ്, എന്നിവർ പങ്കെടുത്തു.

2019 ഓണാഘോഷത്തിന്റെ ഭാഗമായി ഡിജിറ്റൽ പൂക്കളമത്സരം നടത്തി. പഴശ്ശി ഡാമിന്റെ സംരക്ഷണവുമായി ബന്ധപ്പെട്ട ഡോക്യുമെന്ററി നിർമിച്ചു. ടെലിഫിലിം സപഥം ചിത്രീകരണം നടത്തി. സൈബർ സുരക്ഷ ബോധവൽക്കരണ ക്ലാസുകൾ നടത്തി. സ്വതന്ത്ര്യസോഫ്റ്റ് വെയർ പ്രചാരണാർത്ഥം ക്ലാസുകൾ സംഘടിപ്പിച്ചു. ഇതോടനുബന്ധിച്ച്, അമ്മമാർക്ക് ബോധവൽക്കരണം നടത്തി.

2019-20 വർഷത്തെ സബ്ജില്ലാതല ക്യമ്പിൽ കാർത്തിക ബാലഗോപാലൻ,ഷർമിന,അശ്വന,കാർത്തിക്, ചിന്തക് ദിവാൻ, ശ്രീദീപ്, ആദിത്കൃഷ്ണ, അഥർവ്വ്, എന്നി വിദ്യാർത്ഥികൾ പങ്കെടുത്തു. ചിന്തക് ദിവാൻ ജില്ലാതല ക്യമ്പിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. കേന്ദ്രാവിഷ്കരണ പദ്ധതിയായ അടൽ ലാബിന്റെ ഉദ്ഘാടനം 27/1/20 ന് നടന്നു. ഇതിന്റെ ഭാഗമായി റോബോട്ടിക്സ് 3 D പ്രന്റിങ് ഇലക്ട്രോണിക്സ് ഉപകരണങ്ങൾ തുടങ്ങിയവയുടെ പ്രദർശ്ശനം നടത്തി. ഈ പരിപാടിയുടെ ന്യൂസ് റിപ്പോർട്ട് തയ്യാറാക്കി.

# ഉള്ളടക്കം


മലയാള ഭാഷ..............................................7

എൻ്റ സത്യാന്വേഷണ പരീക്ഷണങ്ങൾ...............8

3d Printing..................................................9

അമ്മ..................................................10

ക്രൂരത..................................................11

നാലുചുവരുകൾക്കുള്ളിൽ...................................12

മലയാണ്മ..................................................13

നാലുചുനവരിനുള്ളിലെ ജീവിതങ്ങൾ....................14

കോരിച്ചൊരിയുന്ന മഴ........................................15

പൊട്ടൻ..................................................16

മറന്നുപോയി..................................................17




പൊട്ടിയചരടുകൾ....................................................18

എനിക്കുച്ചുറ്റും ചുമരുകൾ മാത്രം..................................19

നിണമണിയിച്ച മഴത്തുള്ളികൾ.................................20

തിരിച്ചറിയാനാവാത്ത നിരപരാധി............................21

വാതിലുകളാൽ അടയ്ക്കപ്പെട്ട ലോകം..........................22

രക്തത്തിൽ കുതിർന്ന മഴ.........................................23

EXTRA CUTS....................................................24

RING OF FIRE..................................................25

വലയസൂര്യഗ്രഹണം................................................26

ജ്ഞാനപീഠം.........................................................27

PRIME MINISTERS OF INDIA....................28




# മലയാള ഭാഷ



മലയാളമാണെന്റെ  മാതൃഭാഷ

മലയാളമാണെന്റെ ശ്രേഷ്ഠഭാഷ

മലയാളമാണെന്റെ ഇഷ്ടഭാഷ

നാവിൽ തുടിക്കുന്ന മധുരഭാഷ

തുഞ്ചന്റെ ഭാഷ,കുഞ്ചന്റെ ഭാഷ

മലയാളമാണെന്റെ ഹൃദയഭാഷ

അക്ഷരമാകുന്ന പൂക്കൾ ചിരിക്കുന്ന

പൂവാടിയാണെന്റെ ഭാഷ

അമ്മതൻ അമ്മിഞ്ഞപ്പാലോടൊപ്പം

മാധുര്യമേകുന്ന ദിവ്യഭാഷ

മലയാളമാണെന്റെ മാതൃഭാഷ

മലയാണമാണെന്റെ ശ്രേഷ്ഠഭാഷ

- കാർത്തിക.ബാലഗോപാലൻ.കെ.വി

9E ,കെ.പി.സി.എച്ച്.എസ്.പട്ടാന്നൂർ

# എന്റെ സത്യാന്വഷണ പരീക്ഷണങ്ങൾ



ലോകജനതയ്ക്ക് സത്യത്തിന്റെ വെളിച്ചം പകർന്ന
മഹാത്മാഗാന്ധിയുടെ ആശയങ്ങൾ ഇന്നും
പ്രസക്തമാണ്
എന്നു തെളിയിക്കുന്ന ആത്മാംശങ്ങളുടെ മുദ്രണമാണ്
ഗാന്ധിയുടെ "എന്റെ സത്യാന്വേഷണ
പരീക്ഷണങ്ങൾ.”
ഗാന്ധിയുടെ കുട്ടിക്കാലം മുതൽ 1921 വരെയുള്ള
കാലഘട്ടമാണ് ഇതിൽ വിവരിക്കുന്നത്. 1925 മുതൽ
1929
വരെയുള്ള തന്റെ പ്രസിദ്ധീകരണമായ നവജീവൻ
വാരികയിൽ ആഴ്ചകളായ് എഴുതിയ
ലേഖനപരമ്പരകളുടെ
സമാഹാരമാണിത് . ഓരോ ഇന്ത്യക്കാരനും
ഒരിയ്ക്കലെങ്കിലും വായിച്ചിരിക്കേണ്ട പുസ്തകം എന്ന
വിശേഷണം

ഈ ആത്മകഥ അന്വർത്ഥമാക്കുന്നു .

സ്വന്തം കുടുംബപശ്ചാതലത്തെക്കുറിച്ച് ഒരു സംക്ഷിപ്ത വിവരണത്തോടുകൂടി ആരംഭിക്കുന്ന ഈ ആത്മകഥ

തന്റെ ജനനം,വിദ്യാഭ്യാസം , ഇംഗ്ലണ്ട് യാത്ര ,സ്വദേശത്തെ അഭിഭാഷക വൃത്തി,ദീർഘവും സംഭവ ബഹുലവുമായ ദക്ഷിണാഫ്രിക്കൻ പര്യാടനം തുടങ്ങി നിസ്സഹരണപ്രമേയത്തിൽ അവസാനിക്കുന്നു. കോൺ-ഗ്രസ്സിന്റെ ഭരണഘടനാപരിഷ്കരണം ,അയിത്തോച്ചാടനം , ഹിന്ദുമുസ്ലീം ഐക്യം , ഖീദി പ്രചരണം, തുടങ്ങിയവയെ സ്പർശിച്ചുകൊണ്ടും ആസന്നമായ് പൊട്ടിപുറപ്പെടാൻ പോകുന്ന ഖിലാഫത്ത് സമരത്തെ വിഭാവനം ചെയ്തുകൊണ്ടുമാണ് ഗാന്ധിയുടെ അസാധാരമായ ആത്മനിവേദനങ്ങൾ അവസാനിക്കുന്നത്.

മറ്റുള്ളവ ആത്മകഥകളിൽനിന്ന് ഈ ആത്മകഥയെ വേർതിരിച്ചുനിർത്തുന്നത് ഇതിന്റെ ഓരോ വരികളിലും ഓരോ വരിയിലും നിറഞ്ഞുതുളുമ്പുന്ന ആത്മാർ ഥതയാണ് . വായനക്കാരിൽ നിന്നും ഗാന്ധിജി യാതൊന്നും

മറച്ചുവയ്ക്കുന്നില്ല . തനിക്കുവന്നിട്ടുള്ള പാളിച്ചകളേയും പരാജയങ്ങളേയും നീതീകരിക്കാനോ അനുവാചകന് സ്വീകാര്യമാം വിധം വ്യാഖ്യാനിക്കാനോ അദ്ദേഹം ശ്രമം നടത്തിയില്ല .

അന്യൂനമായ ഒരു സാഹിത്യസൃഷ്ടി എന്ന നിലയിൽ എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾക്കുള്ള പരിമിതികൾ എന്തൊക്കെയായാലും ഓരോ രാജ്യത്തേയും ജനതയേയും മാത്രമല്ല ലോകമനസ്സാക്ഷിയെ തന്നെ തട്ടിയുണർത്താനാകുന്ന ഉത്കൃഷ്ട ഗ്രന്ഥം എന്ന നിലയിൽ ഈ കൃതിക്കുള്ള സ്ഥാനം ശ്രദ്ധേയമാണ്.

ഗോപിക വർമ്മ

10 G

# <u>പ്രിന്റ് ചെയ്യാം എന്തും</u>



കസേരയും മറ്റും ഇപ്പോൾ കടയിൽ പോയി വാങ്ങിക്കുകയല്ലേ നമ്മൾ ചെയ്യുന്നത്.ഇനി നമുക്ക് ഇഷ്ടമുള്ള നിറത്തിൽ രൂപത്തിൽ പ്രിൻ്റ് ചെയ്ത് എടുക്കാൻ സാധിക്കുന്ന സാങ്കേതിക വിദ്യയും സാധാരണമാകാം.

3d പ്രിൻ്റിങ്ങ് സങ്കേതികവിദ്യ സാധാരണ ജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്ന കാഴ്ച അധികം താമസിയാതെ നമുക്ക് കാണാൻ സാധിക്കും ഒരുപക്ഷെ വീടുവരെ ഇങ്ങനെ പ്രിൻ്റ് ചെയ്ത് എടുക്കുന്നതുവരെ സാധാരണമായേക്കാം



HRITHIK VIJAY C K



# അമ്മ

അമ്മയെന്നുള്ള രണ്ടക്ഷരമെന്നുമെൻ
മനസ്സിലെ അണയാത്ത ദീപമാണ്
നമ്മുടെ കുഞ്ഞുമനസ്സിലേക്കമ്മ
അറിവിന്റെ ദീപം കൊളുത്തിയല്ലോ
വാക്കുകൾ പൂക്കളായ് മൊഴിയുന്നൊരെന്നമ്മ
സൗഹൃദത്താളുതുറന്നുതന്നു
പേനയാകുന്നൊരീയായുധംകൊണ്ട്
അക്ഷരമാലമൊഴിഞ്ഞുതന്നു
ഇരുളിൽ പ്രകാശം വിടർത്തിയമ്മ
അറിവുള്ള ഗുരുവായ് മാറിയെന്നിൽ
അമ്മയെന്നുള്ള രണ്ടക്ഷരമെന്നുമെൻ
മനസ്സിലെ അണയാത്തദീപമാണ്
എന്നും വിളങ്ങുന്ന താരമാണ്
വീടിന്റെ ഐശ്വര്യദീപ്തിയാണ്
അമ്മയെ വൃദ്ധസദനത്തിലാക്കാതെ
ജീവന്റെ അംശമാണെന്നോതുക അമ്മ
അറിവിന്റെ അംശമാണെന്നോതുക

**ആദിത്യ ഒ എൻ 9E**

# ക്രൂരത



ഒരു നല്ല മഴയിൽ ഞാൻ ഓർത്തുപോയി
നിന്റെ സഹനം തുളുമ്പുന്ന മുഖകാന്തിയെ
മനുഷ്യൻ തൻ ക്രൂരത പ്രവൃത്തികളുടെ
ഇരയായി മാറിയല്ലോ നീ,
പൊടിയും അഴുക്കും പിടിച്ച് കലങ്ങിയ-
നിൻ കണ്ണുകൾ ഞാൻ കാണുന്നു.
വിഷവാതകം പേറിയുള്ള നിൻ സായാഹ്നം.
ഞാൻ ഓർത്തുപോകുകയാണ്.
മേഘത്തിൻ കൈയിൽ നിന്ന് ഉറ്റിവീഴുന്ന-
കണ്ണുനീരല്ലയോ നീ,
പ്രകൃതിതൻ വരദാനമല്ലയോ നീ.
നാശത്തിൻ വക്കിലെത്തിയ നിന്നെ
രക്ഷിക്കുവാനാരുമില്ലല്ലോ,
ഇതറിഞ്ഞ നീ നമ്മളോടുള്ള തിരിച്ചടിയെന്നപോൽ
നിർത്താതെ വാരിയെറിയും ചരലുപോലെ
പെയ്തൊലിച്ചില്ലേ നീ,
ചാറ്റൽ മഴയായി, ഉരുൾ പൊട്ടലായി,പ്രളയമായി
നാശം വിതച്ചല്ലോ നീ, ഈ മഹാജനതയെ.
ഇനിയൊരു നാശം നിന്നിൽ നിന്നുണ്ടാവരുതേ.....
എന്ന് പ്രാർത്ഥിക്കാം നമുക്ക് ഒരുമയായി.
പ്രകൃതിയോടുള്ള മനുഷ്യർ തൻ ക്രൂരതയും
അവസാനിപ്പിക്കാൻ പ്രതിജ്ഞചെയ്യാം.

അനിഷ്മ.പി.പി.
IX-H

# ചുമരുകളിനുള്ളിലെ ജീവിതങ്ങൾ

സൈറ അവൾ സ്വതന്ത്രം ആഗ്രഹിക്കുന്ന പെൺ കുട്ടിയാണ് .അവൾ ആഗ്രഹിക്കുകയാലണ് ഇന്ത്യയുടെ മൂവർണ്ണ കൊടി അഹങ്കാരത്തോടെ ഉയർത്തിപ്പിടിക്കാൻ.എന്നാൽ അവൾ ഒരു പെൺകുട്ടിയാണ്.നാലുചുമരുകൾക്കുള്ളിൽ ഒതുങ്ങേണ്ടവൾ.ബാര എന്ന ഗ്രാമത്തിലായിരുന്നു അവളുടെ ജനനം.ബ്രിട്ടീഷുകാരുടെ അഴിമതികളുംചൂക്ഷണവും കാരണം അവർക്ക് അവിടെ സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല .അവൾ അമ്മയോട് എപ്പോഴും ചോദിക്കും എന്നാണമ്മേ നമുക്കീ നാലുചുവരുകളിൽ നിന്ന് പുറത്തുകടക്കാൻ സാധിക്കുക? അമ്മ അതിന് മറുപടിപറയാറില്ല നാളെ അവൾക്ക് പതിനാറു വഴസ്സ് പൂർത്തിയാകുകയാണ്അവളുടെ സമുദായത്തിൽ ആരുംപതിനാറു വഴസ്സിനുശേഷം കല്ല്യാണം കഴിച്ചിട്ടില്ല.അങ്ങനെ അവൾക്കും കല്ല്യാണാലോചന വന്നു എന്നാൽ അവൾ നീലാകാശത്തിലൂടെ സ്വതന്ത്രമായി പറക്കാൻ ആഗ്രഹിക്കുന്ന പക്ഷിയായിരുന്നു.അവൾ അതിനെ ശക്തിയായി അടിച്ചമർത്തി.അവൾ വിവാഹം വേണ്ടെന്നുപറഞ്ഞു.വലിയ പ്രശ്നമായി.ചില പെൺ കുട്ടികളുടെ സ്വാതന്ത്ര്യത്തിനായി മുന്നോട്ടു വന്നു. സ്വന്തം നാടിന്റെ സ്വാതന്ത്ര്യത്തിനായി മുന്നോട്ട് വന്നു.അവൾ ഉറക്കെ വിളിച്ചുപറഞ്ഞു, പെൺകുട്ടികൾ നാലുചുമരിൽ ഒതുങ്ങേണ്ടവരല്ല. അവരുടെ ലോകം നാല് ചുമരുകളല്ല. അവരും ലോകം കാണട്ടെ. അവൾ പോരാടി.കുറച്ച് വർഷങ്ങൾ കഴിഞ്ഞു.ആ നാടിന്റെ ദൈവമായി ആൾക്കാർ അവളെ കണ്ടു.പലരുടെ ആഗ്രഹം നടന്നു.ശൈശവവിവാഹം എന്ന അധമമായ ആചാരം അവൾ നിർത്തി.എന്നാൽ ഒന്നുകൂടി വേണം.സ്വന്തം നാടിന്റെ സ്വാതന്ത്ര്യം. അതിനുവേണ്ടി അവൾ അങ്ങേയറ്റം വരെ പോരാടി.അർധരാത്രി ഒരു മണി കഴിഞ്ഞിരുന്നു.അപ്പോൾ അവളുടെ കാതിൽ ഒരു വാർത്ത എത്തി.അവൾ സ്വപ്നം കണ്ട ഇന്ത്യ യഥാർത്ഥ്യമാവുന്നു.അവള്ഡ മൂവർണ്ണക്കൊടി ഉയർത്തിപ്പിടിച്ചു. അവളുടെ സ്വപ്നങ്ങളെല്ലാം യാഥാർത്ഥ്യമായി. നാലു ചുമരുകൾക്കുള്ളിൽ കഴിഞ്ഞ ശലഭങ്ങൾക്കിന് ജീവിതങ്ങൾ സ്വതന്ത്ര്യമായി. അവൾക്ക ഒരു കാര്യം കൂടി ചെയ്യാനുണ്ട്.പെൺകുട്ടികളുടെ വിദ്യാഭ്യാസം. സൈറ എന്ന ഒരു പെൺകുട്ടിയുടെ ചില വാശികൾക്കാരണം കുറേ പേർക്ക് പുതിയ ജീവിതം ലഭിച്ചു.നാലു ചുമരുകൾ പൊളിക്കപ്പെട്ടു. ഇപ്പോൾ നീലാകശാത്തിലെ സ്വാതന്ത്ര്യപക്ഷികളാണ് എല്ലാവരും.പറക്കാം നമുക്ക എല്ലാവർക്കും സ്വാതന്ത്ര്യത്തോടെ ഒരുമിച്ച് നീലാകാശത്തിൽ......

ഗോപിക എം

SA

# മലയാണ്മ



കുരുമുളക് വള്ളിയിൽ
പവിഴം കൊരുക്കുന്ന
കരിമണ്ണുയിരുന്നു
മലയാണ്മയിരുന്നു.
ഏലത്തടങ്ങളിൽ-
മരതകം ചാർത്തുന്ന
കരവിരുത്
മലയാണ്മായിരുന്നു.
കന്നിയും മകരവും
പുഞ്ചയും കൊയ്ത്തിന്റെ
പൊന്നോണ വഴിയിൽ
വിളഞ്ഞു നിന്നു...
കപ്പയും ചേനയും
കാച്ചിലും ചേമ്പുമായ്
ഇടവിളകൾ
അടിവയർ കനത്തു നിന്നു.
തെങ്ങും കവുങ്ങും
തലക്കനം കാണിച്ചു
കേരളകരയെന്നു
കൊടിയുയർത്തി...

ഋതുനന്ദ . പി .
8G

# നാലു ചുവരുകൾക്കുള്ളിൽ

മഴ ശക്തമായി പെയ്യുന്ന ദിവസം

എല്ലാവരും ആ മഴയിൽ കളിച്ചുല്ലസിക്കുകയാണ്. എനിക്കും പോകണമെന്നൊരാഗ്രഹം. പക്ഷേ, അമ്മ അച്ഛൻ ഇവരുടെ ദേഷ്യപ്പെട്ട മുഖം കാണുമ്പോൾ ഞാനെങ്ങനെ പോകാനാ?. എന്നെ അമ്മയും അച്ഛനും പുറത്തിറങ്ങാൻ സമ്മതിക്കില്ല. ചുരിക്കിപ്പറഞ്ഞാൽ സ്വാതന്ത്ര്യമില്ല. നിങ്ങൾക്ക് ചിന്തിക്കാനാവുമോ അങ്ങനെയൊരു ജീവിതം! പൂക്കളുടെ ഗന്ധവും കാറ്റിന്റെ കുളിർമയും പുഴയുടെ താളവും ഒന്നും ഞാനറിയുന്നില്ല. എപ്പോഴും പുസ്തകം മുന്നിൽ. പുസ്തകപ്പുഴുവായുള്ള ജീവിതം. അവധിദിവസങ്ങളിൽ കുറച്ചു സമയം ടിവി കാണും. അച്ഛനും അമ്മയും ഓഫീസിൽ പോകുമ്പോൾ ഞാനൊറ്റയ്ക്ക് . എനിക്ക്

കൂട്ടുകാരില്ല. അവധിക്കാലം കുട്ടികൾ എല്ലാവരും മരത്തിൽ കയറി മാമ്പഴം പറിച്ച് ആസ്വദിച്ച് കഴിക്കുമ്പോൾ ഞാൻ കടയിൽ നിന്നും വാങ്ങിയ വിഷം നിറഞ്ഞ മാമ്പഴം കഴിക്കും. ഓണത്തിന് മലമുകളിലും പുഴക്കരയിലും പൂക്കൾ പറിക്കാൻ പോകുമ്പോൾ ഈ ഞാൻ കടയിൽ നിന്നും വാങ്ങിയ പൂക്കൾ ഇട്ട് ഓണം ആഘോഷിക്കുന്നു. അമ്മയ്ക്കും അച്ഛനും തിരക്കോടുതിരക്ക്. വീട്ടിൽ ഒരു  വേലക്കാരിയുമുണ്ട്. അമ്മ ഉണ്ടാക്കിയ ഭക്ഷണം ഞാനിതുവരെ കഴിച്ചിട്ടില്ല.

മഴ കോരിച്ചൊരിയുന്ന ദിവസം.

ജനാലയിലൂടെ പുറത്തേക്കു നോക്കി. എല്ലാവരും മഴയിൽ ആർത്തുല്ലസിക്കുന്നു. അതിൽ ആരോ എന്നെ മാടിവിളിക്കുന്നു. പിന്നെ ഞാനൊന്നും നോക്കിയില്ല. പുറത്തേക്കോടി. അന്നാണ് ഞാൻ മഴയുടെ കുളിർമയെ ശരിക്കും ആസ്വദിച്ചത്.

മഴയിൽ ഞാൻ തുള്ളിച്ചാടി. എനിക്ക് കുറേ കൂട്ടുകാരെയും കിട്ടി. ഒരു കാറിന്റെ ശബ്ദം. അത് എന്റെ ആസ്വാദനത്തിനു ഭംഗം വരുത്തി. അത് അച്ഛനും അമ്മയുമായിരുന്നു. കൂട്ടുകാർ എന്റെ കൈയ്യും പിടിച്ച് ഒരു ആൾതാമസമില്ലാത്ത വീടിന്റെ മുറ്റത്ത് കൂട്ടിക്കൊണ്ടുപോയി. എന്തു ചെയ്യണമെന്നറിയാതെ ഞാൻ പരിഭ്രാന്തയായി. അമ്മയും അച്ഛനും ഞാൻ വീട്ടിലില്ല എന്ന കാര്യം അറിഞ്ഞിരിക്കും. മഴ കുറച്ച് അടങ്ങി. ഞാൻ വീട്ടിലേക്കോടി. ഉമ്മറത്ത് എന്റെ മുത്തശ്ശി ഇരിക്കുന്നുണ്ട്. അച്ഛന്റെ കൂടെ വന്നതായിരിക്കും. പെട്ടെന്ന് എന്റെ പേടി എങ്ങോപോയി. മുത്തശ്ശിയെ ഞാൻ കെട്ടിപ്പിടിച്ചു. മുത്തശ്ശിയുടെ കണ്ണിലെകണ്ണുനീർ എന്റെ കൈയ്യിൽ വീണു. മുത്തശ്ശി പറഞ്ഞു, എന്റെ പൊന്നുമോൾ

എവിടെയാ പോയത് ? അച്ഛനും അമ്മയും വിഷമിച്ചിരിക്കുകയാണ്.

ഞാൻ വേഗമകത്തേക്കോടി.

അച്ഛനെന്നെ അടിക്കാൻ കൈയ്യോങ്ങി. മുത്തശ്ശി അച്ഛനെ എതിർത്തു. മുത്തശ്ശി എന്റെ പക്ഷം ചേർന്നു. "മോളെ ഒരു മുറിക്കുള്ളിൽ അടച്ചിട്ടാൽ ആർക്കാണത് സഹിക്കുക. ഇടക്കൊക്കെ ഇനി മോളെ പുറത്തു വിടണം. ഈ നാലു ചുവരുകൾക്കുള്ളിൽ എന്തു ജീവിതമാണെടാ ?. നിന്റെ മോളു തന്ന ശിക്ഷയാണിത്"അച്ഛൻ എന്നോട് മാപ്പ് പറഞ്ഞു. എന്നെ വാരിപ്പുണർ- ന്നു. അച്ഛൻ പറഞ്ഞു: "ഇനി എന്റെ മോളെ ഞാൻ വിഷമിപ്പിക്കില്ല". അമ്മയും ഇതേവാക്ക് മൂളി. അന്ന് ഞാൻ ഒരുപാട് സന്തോഷിച്ചു. അന്ന് ഞാൻ കിടക്കുമ്പോൾ  ഒരുപാട്

സന്തോഷിപ്പിക്കുന്ന സ്വപ്നങ്ങൾ എന്നിൽ നിറഞ്ഞിരുന്നു.

**അഞ്ജലി.സി.വി**




VIII G

# കോരിചൊരിയുന്ന

## മഴ



അറിഞ്ഞില്ല ഞാനാ മഴതൻ മുഖം
ഇരുളിൽ പറന്നെത്തിയിതാ മഴ
പൂക്കളും , പുഴകളും, കാടും, മലയും
വീടും, കുടിലും, മനുഷ്യ ജീവനും
എല്ലാംകൊണ്ട്പോയി ആ ഇരുട്ടിൻ മറവിൽ
ഇത്തിരി ഭക്ഷണത്തിനായി കാത്ത മനുഷ്യന്
ജാതിയില്ല മതവുമില്ല
പണക്കാരനും യാചകനും ഒന്നായി
ഒറ്റ കുടിലിൻ തണലില്
നന്മയായി ഒഴുകി സ്നേഹവും വിണ്ണും
ജീവന്റെ നിലനില്പ്പിനായ് അന്ന്
മർത്യരെല്ലാം കൈകോർത്തു നിന്നു
മാനവരാശി തൻ ജീവനായി
ആക്രമകാരിയായി എത്തി പുതുമഴ
നന്മയും തിന്മയും പഠിപ്പിക്കുവാൻ
ആ മഴ കൊണ്ടുപോയി സർവ്വതും



ഒന്നും ബാക്കിയാക്കാതെഎല്ലാം
ധനിക യാചക ഭേദമില്ലാതെ
തകർത്തുവാരിയിതാ മഴ
കൂരിരുട്ടിന്റെ മറവി***ൽ*** വന്ന മഴ
ബാക്കിയായത് നന്മയും ചോരതുള്ളികളും
മഴതൻ മറ്റേതോ മുഖം കണ്ട മർത്യൻ
അറിഞ്ഞിതാ വിണ്ണിന്റെ ദേഷ്യവും വാശിയും
ഇത് വിണ്ണിൻ കരച്ചിലോ ദേഷ്യമോ
വാശിയോ
അറിഞ്ഞുകൂടിത് എന്തെന്നു മർത്യന്
മണ്ണിന്റെ മക്ക***ൾ*** തൻ ദ്രോഹപ്രവർത്തികൾ
വിണ്ണിൻ കരച്ചിലായി പെയ്തിറങ്ങി
വിണ്ണിൻ കരച്ചിലായി വന്ന മഴതുള്ളിയേ
നീ വീണ്ടുമെത്തുമോ പേമാരിയായി

**__തീർത്ഥന.ഐ.വി**

# പൊട്ടൻ

മുത്തശ്ശി പറഞ്ഞു സന്ധ്യസമയമാം
അറപ്പുകേളികൾ അവസാനിക്കും
പൊട്ടൻ ഇറങ്ങാൻ നേരമായി
കൈതക്കാട്ടിലോ ചെമ്പകകൊമ്പിലോ
അഴൻ നിന്നെ പിടികൂടാൻ പതിയിരിപ്പൂ
എന്റെ കുഞ്ഞേ ഓടി വാ നീ പൊന്നെ
പേടിച്ചൊരാനേരം ഞാനും പാഞ്ഞടുത്തു
മുത്തശ്ശി പറയും പൊട്ടനെ പേടിച്ചു
പിന്നീടൊരുനാൾ എനിക്ക് ബോധ്യമായി
മുത്തശ്ശി പറഞ്ഞ പഴങ്കഥയിലെ ഒരു രൂപമാണ്
പണ്ട് എന്റെ കേളികൾ കൂടിയകാരണം
എന്നെ ഭയപ്പെടുത്താൻ പറഞ്ഞതാവാം
ഇന്നീ കാലം വരെയും ഞാൻ ഇന്നും
ഭയപ്പെ ടുന്ന ത്രിസന്ധ്യ നേരത്ത് കാത്തിരിക്കും
ചെമ്പകകൊമ്പിലെ പൊട്ടനെയോർത്ത്

ആദിത്യ.ആർ.കൃഷ്ണൻ
9 G

# മറന്നുപോയി

എന്റെ ബാല്യത്തിൽ അമ്മയുടെ കണ്ണിൽ
നിന്നതിർന്ന കണ്ണുനീർ ഞാൻ ഓർക്കവേ
സാധനം വാങ്ങുന്ന അച്ഛനും
ഭക്ഷണം തിന്നുന്ന ഞാനും
അറിഞ്ഞില്ല അമ്മയുടെ കണ്ണീർ
ഇന്ന് ഞാനറിയുന്നു ആ വേദന
ഇന്ന് ഞാനുമൊരു പെണ്ണാണ്
പാചകം ചെയിയുന്നു ഉള്ളി അരിയുന്നു
ഞാനും കണ്ണുനീർപൊഴിക്കുന്നു
പക്ഷേ എന്നമ്മ ഇന്ന് ആ വേദന മറക്കുന്നു
എന്റെ പൊന്നനുജനും വിവാഹം ചെയ്തു
അമ്മ ഇപ്പോൾ ഉള്ളി അരിയാറുമില്ല
കണ്ണീർ പൊഴിക്കാറുമില്ല ഇന്ന്
ഞാൻ നീതികിട്ടാനായ് യാചിക്കുന്നു
അമ്മയുടെ പാരമ്പര്യം പോലെ
എനിക്കായ് വന്ന കണ്ണുനീർ
പക്ഷേ ഓർക്കുക പൊഴിയുന്ന ആ കണ്ണുനീർ
ഭക്ഷണത്തിലൂടെ കിട്ടുന്ന വിജയം മാത്രം
കുതിച്ചോടുന്നകുതിരയെപ്പോലെ പായുന്ന അമ്മ



ആ കണ്ണുനീർ ആനന്ദിക്കുന്നു....

ചിലപ്പോൾ അമ്മയുടെ കണ്ണിൽ നിന്ന്

പൊഴിയുന്നത് ആനന്ദാശ്രുവായിരിക്കും

കരഞ്ഞിട്ട് കാര്യമില്ലെന്നറിയാം

അതൊരു യാചന മാത്രമാണ്

ഞാനുമിനി കരയുന്നില്ല ആ കണ്ണുനീർ നീരാവിയാവട്ടേ

അമ്മയിപ്പോഴും ജീവിക്കുന്നു. ഉയർന്നെഴുന്നേൽപ്പോടെ

ഓരോ കരയലിനപ്പിന്നിലും ഒരു സന്തോഷമുണ്ടാവും

ആ സന്തോഷം ഞാനും നേടും

പിന്നെ വിജയത്തിന്റെ പടിത്തട്ടുകൾ കയറും

പെണ്ണിന്റെ കണ്ണീരിന് സ്ഥാനമില്ല

അമ്മയെപ്പോലെ ഞാനും മുത്തശ്ശിയാവും

അന്ന ഞാനും ആ വേദന മറക്കും

അമ്മ ആ വേദന മറന്നുവല്ലോ

കരയാറുമില്ലാലോ

ഞാനുമിനി മറന്നുപോവാമല്ലോ

ആര്യ. കെ.ഒ

9G

# പൊട്ടിയ ചരടുകൾ

ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട വഴിത്തിരിവെന്ന അച്ഛന്റെ ഉപദേശം സ്വീകരിച്ചു കൊണ്ട് അവൻ ആ വിജനമായ വഴിയിലൂടെ നടക്കുകയായിരുന്നു.കഴിഞ്ഞ ദിവസത്തെ മഴയുടെ സൂചന എന്നവണ്ണം വഴിയിൽ നിറയെ അവന്റെ കഴിഞ്ഞ കാലത്തെ ഓർമകളായിരുന്നു.മുമ്പ് അവനാരെന്നായിരുന്നില്ല,ഇപ്പോൾ അവനാരാണെന്നാണ് അവന്റെ ചിന്ത.പത്താം ക്ലാസ്സിലെ ദിവസങ്ങൾ വീണ്ടും കടന്നുപോയി.ക്ലാസ്സിലെ നാലു ചുവരുകൾക്കിടയിൽ ഒതുങ്ങിപ്പോയ ബാല്യമാണ് അവനിന്ന്. അവന്റെ ജീവിതത്തിലെ സന്തോഷങ്ങൾ ആസ്വദിക്കുന്നതിനു പകരം അവനിന്ന് ഐസക് ന്യൂട്ടൻ എന്തേ ബൾബ് കണ്ടുപിടിച്ചാലെന്ന് ആലോചിക്കുകയാണ്.അധ്യാപകരുടെയും മാതാപിതാക്കളുടെയും ശിക്ഷണം  അവനെ മാനസികമായി തളർത്തി.അവന്റെ സങ്കടങ്ങൾ മറക്കാനായി അവൻ ആ വിജനമായ വഴിയിലൂടെ നടന്നു. എവിടേക്കെന്നില്ലാതെ............

ഇന്ന് അവൻ ഗോവിന്ദേട്ടന്റെ ചായക്കടയിലെ ഒരു തൊഴിലാളി മാത്രമാണ്.അവനെ ഇങ്ങനെയാക്കിയ ആരോടും ഒരു പരാതിയുമില്ല. പക്ഷേ,ഇന്ന് അവൻ ഓർക്കുന്നു അന്ന് അവർ  അങ്ങനെ പറഞ്ഞത്. "എന്റെ നല്ലതിനു വേണ്ടിയായിരിക്കില്ലേ ?".അവന്റെ ഉള്ളിലെ ദുഃഖം ഒരു പേമാരിയായി പെയ്തിറങ്ങി.അവന്റെ മനസ്സ് പശ്ചാത്തപത്താൽ വിതുമ്പി.അന്ന് ഞാൻ ഇറങ്ങിവന്നത് ഞാൻ നേടിയ ഉയരങ്ങളിൽ നിന്നാണ്.അവന്റെ തേങ്ങലിനു കൂട്ടെന്നു വിധം പ്രകൃതി അവനിൽ അലിഞ്ഞുചേരാൻ തുടങ്ങി.അവൻ അവരെ കാണണമെന്ന് ആശിച്ചു.നാലു ചുമരിൽ ഒതുങ്ങിപ്പോയ ഒരു ബാല്യത്തിന്റെ കഥ അവരോട് പറയണമായിരുന്നു.അവന്റെ ഉത്തരങ്ങളില്ലാത്ത

ചോദ്യത്തിന്  ഉത്തരമായി മഴക്കാറുകൾ ഉറക്കെ മന്ത്രിച്ചു.’’നീ തിരിച്ചുപൊയ്ക്കോ?’’.അവനെ മറ്റെന്തൊക്കെയോ ആക്കിതീർത്ത ആ തെരുവിലൂടെ മറ്റൊരാളായി മാറാനായി അവൻ നടന്നു.

എവിടേക്കെന്നില്ലാതെ............



വിനയ ഗോപിദാസ്

10 G



# എന്റെ ചുറ്റും ചുവരുകൾ മാത്രം

അമ്മയുടെ പതിവു പല്ലവി കേട്ടാണ് ഞാനുണർന്നത്.ഉറക്കച്ചട്ടോടുകൂടി ഞാൻ അടുക്കളയിലെത്തി. ഇന്ന സ്കൂൾ തുറക്കുന്ന ദിവസമായിരുന്നു. ഞാൻ സ്കൂളിലെത്താനുള്ള പുറപ്പാടിലായിരുന്നു. അമ്മയുടെ പതിവ്പോലുള്ള ഉപദേശങ്ങളും നിർദ്ദേശങ്ങളും കേട്ട് ഞാൻ സ്കൂളിലെത്തി. അവിടെനിന്ന് ഞാൻ കുറേ കൂട്ടുകാരെ പരിചയപ്പെട്ടു. അവർ പലതരത്തിലുള്ളവരായിരുന്നു.സ്കൂളിലെ മുഷിപ്പിക്കുന്ന കാര്യങ്ങളും കേട്ട് ഞാൻ വീട്ടിലെത്തി. വീട്ടിലെത്തിയ ഉടനെ ചിന്തു..... ഇന്നത്തെ ദിവസം എങ്ങനെ ഉണ്ടായിരുന്നു എന്ന ചോദ്യം ഞാൻ കേട്ടു.ഞാൻ അമ്മയോട് ഇന്നത്തെ ദിവസത്തെ പറ്റി പറഞ്ഞുകൊടുത്തു.അച്ഛനില്ലാത്ത ആ കുടുംബത്തിന്റെ ഏക ആശ്രയം അമ്മയായിരുന്നു. അമ്മയ്ക്ക് ഞാനും എനിക്ക് അമ്മയുമാണ്. പക്ഷേ അതൊന്നും എന്നെ ബാധിച്ചില്ല. ഇടയ്ക്ക് അമ്മയുടെ അമ്മാവൻ സങ്കരമ്മാവൻ ഞങ്ങളെ കാണാൻ വരുമായിരുന്നു.ആകെ ബന്ധമെന്ന് പറയാൻ അദ്ദേഹം മാത്രമേ ഞങ്ങൾക്കുള്ളൂ.എന്നാൽ ഉള്ളതുകൊണ്ട് ഞങ്ങൾ വളരെ സുഖഭോഗത്തോടുകൂടിയാണ് കഴിഞ്ഞത്.ഞങ്ങളുടെ ഇല്ലായ്മകളും വല്ലായ്മകളും വീടിന്റെ നാല് ചുമരുകൾക്ക അപ്പുറം പോയിരുന്നില്ല. അമ്മ വല്ല കൂലിപ്പണിക്കും പോയാണ് ഞങ്ങളുടെ കുടുംമ്പം പോറ്റുന്നത്.

ഒരു ദിവസമ ശങ്കരമ്മാവൻ ഞങ്ങളെ കാണാൻ വന്നു. അമ്മാവൻ ഒരു ദുഖവാർത്തയുമാണ് ഞങ്ങളുടെ വീട്ടിലേക്കു വന്നത് . അമ്മാവന്റെ ഭാര്യക്കും മക്കൾക്കും ഞങ്ങളെ ഇഷ്ടമല്ലായിരുന്നു. ഇപ്പോൾ അമ്മാവന്റെ മൂത്തമകൾ ജാനകി ചേച്ചിക്ക് വലിയ എവിടെയോ ഉദ്യോഗം കിട്ടിയിട്ടുണ്ടത്രേ.അവരൊക്കെ അവിടേക്ക് പോവലാണ് അതുകൊണ്ട് ശങ്കരമ്മാവൻ ഇനി ഞങ്ങളെ കാണാൻ വരില്ല എന്ന് പറഞ്ഞു. പാവം അമ്മക്ക് ഇടയ്ക്കുള്ള കൈ സഹായം അദ്ദേഹം മാത്രമായിരുന്നു. ഇനി മുതൽ അതുമില്ലാതായി.ഇടയ്ക്കെപ്പോഴോ അമ്മയിൽ ഞാൻ ക്ഷീണം കണ്ടുതുടങ്ങി .അമ്മക്ക് വയ്യാതായി.പതിയെ അമ്മക്ക് ഒന്നും തന്നെ വയ്യാതായി. വീടിന്റെ സ്ഥിതിഗതികൾ മാറിതുടങ്ങി. ഒരുനേരത്തേക്കുള്ള അന്നം പോലും ഇല്ലാതായി. അവർ ആകെ വിഷമത്തിലായി. കുടുംബത്തിന്റെ മുന്നോട്ടുള്ള യാത്രക്കായി അവൾ ആ പതിനഞ്ചുവയസ്സുകാരി. ജോലിയെടുക്കാൻ തുടങ്ങി. രോഗിയായ ആ അമമ്യും മകളും മാത്രം ആന വീട്ടിൽ ......
അവളുടെ അമ്മയെ നോക്കാനായി അവൾ കഷ്ടപ്പെട്ടു. പക്ഷേ അവൾ കഷ്ടപ്പെട്ടതിന് ഫലമുണ്ടായില്ല. ഒരു ദിവസം സ്കൂൾ വിട്ട അവളെ നടുക്കിയത് ഈ വാർത്തയായിരുന്നു. അവളുടെ എല്ലാമായ അമ്മ ഇനി ഉണ്ടാവില്ല. എന്നതായിരുന്നു. അവൾ കരഞ്ഞില്ല. പക്ഷേ പിന്നേം അവൾ ഒന്നും മിണ്ടിയില്ല. കറ്മ്മങ്ങളും മറ്റും ചടങ്ങുകളും മറ്റും അവൾ ഒറ്റക്കു ചെയ്തു. ബന്ധുക്കൾ എന്ന് പറയാൻ മാത്രം അവൾക്ക് ആരുമുണ്ടായിരുന്നില്ല. ആകെ നാലോ അഞ്ചോ അയൽക്കാർ മാത്രം . അവസാനം കർമ്മങ്ങളൊക്കെ കഴിഞ്ഞു. രാത്രിയിൽ എല്ലാവരും അവളെ തനിച്ചാക്കി പോവാൻ തുടങ്ങി. ആ നാലു ചുമരുകൾക്കുള്ളിൽ അവൾ തനിച്ചായി. അവൾ പേടിച്ചില്ല.
മോളേ എന്നുള്ള വിളി അവൾ അവിടവിടെയായി കേട്ടു. അവൾ പൊട്ടിക്കരഞ്ഞു. പക്ഷേ അവളേ നോക്കി ആകാശത്തുനിന്ന ഒറ്റ നക്ഷത്രം ചിരിക്കുന്നുണ്ടായിരുന്നു. അവൾക്കു കൂട്ടായി അവളുടെ അമ്മ ആകാശത്തുണ്ടായിരുന്നു.

അഭിന കെ. കെ
9 G

# നിണമണിഞ്ഞ മഴത്തുള്ളികൾ

കാരതൻ ഗർജനം തുളച്ച തെറിച്ചൊരാ -
രക്തപ്രഭൃതമാം ഇലത്തുസിലും
മാത്ര സ്നേഹത്തിൻ നിതാന്തമാം ഹൃദയത്തെ
പറിച്ച മാറ്റിടും കരങ്ങളിലും

എരിയുന്ന അഗ്നിയിൽ ചുട്ടുകരിഞ്ഞുകൊണ്ടോരോ-
നിലവിളി കൊള്ളുമ്പോഴും
എന്നും നിശബ്ദമായി കൊള്ളുന്ന വേദന
സഹോദം സ്നേഹത്തിനൾക്കുട്ടിലും
എന്തേ സഹോദരാ നിന്റെയാ പുഞ്ചിരി
ചോരയണഞ്ഞു ചിരിച്ചീടുന്നു
എന്തേ നിൻ കൈവിരൽ തുമ്പിന്റെ
അറ്റത്ത് രക്തപുഷ്പങ്ങൾ പൊഴിഞ്ഞീടുന്നു
എങ്കിലും സോദരാ നിന്റെയീ സ്നേഹത്തിൽ
നിന്നുതിർന്നീടുന്ന മഴത്തുള്ളികൾ
ഈ മഴത്തുള്ളികൾ നിണമണിഞ്ഞീടുന്നു
നിൻ സാന്ത്വനത്തിൻ നന്മയേകാൻ
ആരും തൊടാത്തൊരീ കണ്ണുനീർത്തുള്ളികൾ
മണ്ണിനും വിണ്ണിനും ചുവപ്പേകട്ടേ
സോദരാ സ്നേഹത്തിനരുമയാം തുള്ളികൾ

എന്നും മനസ്സിൽ കുളിരേകട്ടേ....



## തിരിച്ചറിയാനാവാത്ത നിരപരാധി..

കാർമേഘങ്ങൾ ഉരുണ്ടുകടിയ ഒരു ദിവസം കാർമേഘം മുഖം വീർപ്പച്ച നിൽകുന്നത് അപ്പു പുറത്തിങ്ങാതെ വീട്ടിൽ തന്നെ ഇരുന്നു. പെട്ടെന്ന്

അമ്മ വിളിച്ചുകൊണ്ട് അപ്പുവിനോട് പറഞ്ഞു. വാ മോനെ നമുക്ക് ഭക്ഷണം കഴിക്കാം ശേഷം നി പുസ്തകം വായിച്ച് അമ്മയ്ക്ക് കുറച്ച് പണിയുണ്ട്. അങ്ങനെ അപ്പുവും അമ്മയും ഭക്ഷണം കഴിച്ചു. അപ്പു അമ്മ പറഞ്ഞതു പോലെ പഠിക്കാൻ ഇരുന്നു.അവൻ അമ്മയോട് പറഞ്ഞു അമ്മേ ഞാൻ പഠിച്ചു കഴിഞ്ഞു കാർമേഘം കുറച്ച് തെളിഞ്ഞിട്ടുണ്ട്.ഞാൻ കളിക്കാൻ പോകട്ടെ ഇതിനുള്ളിൽ നിൽക്കുമ്പോൾ എനിക്ക് ശ്വസം മുട്ടുന്നതുപോലെ. ഞാൻ കളിച്ച് പ്രകൃതിയുമായി ഇണങ്ങിട്ട് വരാം. അങ്ങനെ അപ്പു വീട്ടിൽ നിന്ന് ഇറങ്ങിയി. ഗ്രൗണ്ടിലേക്ക് ഫുട്ബോൾ കളിക്കാൻ പോയി. ഫുട്ബോൾ കളിച്ച് അവൻ വഴിയിലൂടെ വരുമ്പോൾ കുറെ കുട്ടികൾ അവിടെനിന്ന് മറ്റു കുട്ടികളെ ഭീക്ഷണിപ്പെടുത്തുകയും അവരുടെ കയ്യിൽ നിന്ന് പണം വാങ്ങുകയുമൊക്കെ ചെയ്യുന്നു. അപ്പു പറഞ്ഞു "ദൈവമേ ഞാൻ എന്തുചെയ്യാനാ എന്റെ അച്ഛനെപ്പോലെ കഷ്ടപ്പെടുന്നവരായിരിക്കില്ലേ ഇവരുടെ അച്ഛൻ . ആ

അങ്ങനെ കുറേ നാൾ. പക്ഷെ ആ വിക്രതികുട്ടികളെ ആർക്കും തിരിച്ചറിയാൻ പ പൈസയല്ലേ ആ വികൃതിക്കുട്ടികൾ ഈ പാവം കുട്ടികളുടെ കൈയ്യിൽ നിന്ന് വാങ്ങിക്കുന്നത്. അപ്പോൾ അപ്പുവിന്റെ മനസ്സിൽ ഒരു വഴിതെളിഞ്ഞു. പോലീസുകാരെ വിളിച്ച് വിവരം പറയാം. അങ്ങനെ അപ്പു മൊബൈൽ എടുത്തു പോലീസുകാരെ വിളിച്ചു വിവരം പറഞ്ഞു. അതിലെ ഒരു വികൃതിക്കുട്ടി അപ്പു പോലീസുകാരെ വിളിച്ചകാര്യം അറിഞ്ഞു. അതുകൊണ്ട് അവർക്ക് അപ്പുവിനോടു ദേഷ്യം വന്നു. അവർ ഒരുമിച്ച് അപ്പുവിന് ഒരു പണമികൊടുക്കാൻ തീരുമാനിച്ചു. അവർ ആ പാവം കുട്ടികളെ ഭീഷണിപ്പെടുത്തി. പോലീസുകാർ വരുമ്പോൾ അപ്പുവാണ് കള്ളൻ എന്ന് നിങ്ങൾ പറയണം അല്ലെങ്കിൽ നിങ്ങളെ ഞാൻ കൊല്ലും പോലീസുകാർ വരുന്നത് വരെ അപ്പു അവിടെ കാത്തുനിന്നു. പോലീസുകാർ വന്നപ്പോൾ ആ കുട്ടികൾ വിറച്ചുകൊണ്ട് പറഞ്ഞഞ്ഞു അപ്പുവാണ് കള്ളൻ എന്ന്. പോലീസുകാർ അത് വിശ്വസിച്ചുച. അപ്പുവിനെ സ്റ്റേഷനിലേക്ക് കൊണ്ടുപോയി.അപ്പു പോലിസുകാരോട് പറഞ്ഞു ഞാനാണ് സാറിനെ വിളിച്ചത്. ഞാനല്ല ഇതിലെ പ്രതി ദയവായിഎന്നെ

വിശ്വസിക്കണം. പക്ഷേ പോലീസുകാർ ഇതൊന്നും വിശ്വസിച്ചില്ല.അപ്പുവിനെ ജയിലിൽ കയറ്റി.

നിരപരാധിയായ അപ്പുവിനെ നാട്ടുകാരും വീട്ടുകാരരും അവിശ്വസിച്ചു. അവന് ജയിലിൽ  വല്ലാത്ത ഒരു അസ്വസ്ഥതയാണ്. ആ സമയം അവനുചുറ്റും ചുവരുകൾ മാത്രം, അങ്ങനെ കുറേ നാൾ അതിനുള്ളിൽ .. പ്ക്ഷേ ആ വികൃതിക്കുട്ടികളെ ആർക്കും തിരിച്ചറിയാൻ പറ്റിയില്ല. പാവം കുട്ടികൾ അവരെ പേടിച്ച് പണം നൽകുന്നു. അങ്ങനെ കുറേ നാൾ അപ്പു അപ്പോഴും ചുറ്റുമുള്ള ചുവരുകൾക്കുള്ളൽ ഒറ്റക്കിരുന്നു. അവന് ഒരു മാനസികരോഗിയെപ്പോലെ കരയുന്നു.അപ്പുവിന്റെസത്യസന്ധത തിരിച്ചറിയാൻ ആരും ഉണ്ടായിരുന്നില്ല......................

ഫാത്തിമത്തുൽ റിഫ.കെ. ടി

8 .F

# വാതിലുകളാൽ അടക്കപ്പെട്ട ലോകം

എനിക്ക് തിരിച്ചുപോവാനുള്ള എല്ലാ വാതിലുകളും ഇന്ന് ` അടക്കപ്പെട്ടിരിക്കുന്നു. ഇപ്പോൾ എനിക്കു ചുറ്റും ചുമരുകൾ മാത്രം. ഇരുട്ടാർന്ന ആ മുറിയിൽ ഞാൻ മാത്രമാണുണ്ടായിരുന്നത്. ഇതോരു തടവറയാണ് ഇപ്പോൾ എനിക്ക് ശൂന്യത ഒരു ശീലമായി മാറി. ഈ ഇരുണ്ട ചുമരുകൾക്കുള്ളിൽ ഞാൻ അലഞ്ഞു നടക്കുന്നു. കുത്തിവെക്കാനും മരുന്നുകുടിപ്പിക്കാനുമായി മാത്രം ചിലർ വരും. എല്ലാവരുംഎന്നെ പേടിയോടെയാണ് നോക്കുന്നത്. നീളമുള്ള പാറുന്ന മുഖം മൂടിയ മുടിയും നീണ്ടുനിവർന്ന നഖവും ചുവന്ന് പേടിപ്പിക്കുന്ന കണ്ണും മെലിഞ്ഞൊട്ടിയ ശരീരവുമായി ഞാൻ അവരെ തുറിച്ചുനോക്കുമ്പോൾ അവരുടെ കണ്ണിലെ ഭയം ഞാൻ കാണാറുണ്ട് .ഞാൻ ഇരിക്കുന്ന മുറിയുടെ ഇരുവശത്തുമുള്ള മുറിയിൽ ഒക്കെ പല പല രോഗം ബാധിച്ചവരാണ് ആരെങ്കിലും ആ വാതിലുകൾക്കിടയിൽ നടന്നു നീങ്ങിയാൽ അവരെ ഉപദ്രവിക്കുന്നത് അവരുടെ ശീലമാണ്. ഞാൻ ആരെയും ആക്രമിക്കാറില്ല പക്ഷെ അവർ എന്നെ ആക്രമിച്ചാൽ ഞാൻ ആരെയും ആക്രമിക്കാതെ വിടാറില്ല. ഞാൻ എന്റെ പഴയ കാര്യങ്ങൾ ഇപ്പോഴും ഓർക്കാറുണ്ട്. അത് ഓർക്കുമ്പോൽ ചിലസമയങ്ങളിൽ ഞാൻ ദേശ്യം കൊണ്ട് ആർത്ത് വിളിക്കും ചിലത്തോൾ കരയുകയും ചെയ്യും. എൻെറ ജീവിതം ഇങ്ങനെയാക്കിയെടുത്ത് എൻെറ അച്ഛൻെറ ഏക അനിയനാണ്. സ്നേഹത്തിൻെറ മുഖം മൂടിയണിഞ്ഞ് ചമഞ്ഞ് കിടക്കുന്ന എൻെറ ഇപ്പോഴത്തെഡോക്ടറാണ്. എൻെറ കുടുംബം വളരെ സമ്പന്നതയുള്ളതാണ് കാരണം എൻെറ അച്ഛൻ അച്ഛൻ വളരെ സമ്പന്നനാണ്. എന്നാൽ സ്വത്തിനു വേണ്ടി അദ്ദേഹം എൻെറ കുടുംബത്തെ കൊന്നൊടുക്കി. അവരെ ജീവൻ പോലെ സ്നേഹിച്ചു എൻെറ അച്ഛനെ പോലും. ഇത് കണ്ട എനിക്ക് ഒരു ഷോക്ക് പോലെയായി. ഞാൻ അപ്പോൾ മാനസികമായി തകർന്നു. ഈ സ്നേഹിക്കുന്ന അഭിനയമുള്ള ഡോക്ടറായ ആ മനുഷ്യൻ എന്നെ എപ്പോൾ അവസാനിപ്പിക്കുമെന്ന് എനിക്ക് പോലും അറിയാം. ആർക്കോ എന്തിനോ വേണ്ടി ഞാൻ ഇപ്പോൾ ജീവിക്കുന്നു. ....

നദ സി. കെ
10 - *I*



# രക്തത്തിൽ കുതിർന്ന മഴ

ഒരു മഴ കലിത്തുള്ളി ഭൂമിയിൽ വന്നപ്പോൾ
പൊലിഞ്ഞങ്ങു പോയി മനുഷ്യ ജീവൻ
ചോരകൾ കക്കിയ ജഡങ്ങൾ
പോലെ ഒഴുക്കിനടന്നു മളത്തുള്ളികൾ
ചോരയണിഞ്ഞ മഴത്തുള്ളികൾ-
സിരകളിലൂടെ ഒഴുകി മങ്ങി
മാനവർ കണ്ട സ്വപ്നം.
തകർത്തങ്ങ് ഒഴുകി നടന്നു-
മഴത്തുള്ളികൾ.
ഇതുകണ്ട് മാനവർ കണ്ണീർ പൊഴിച്ചു
പക്ഷിമൃഗാദികൾ ചത്തങ്ങൊടുങ്ങി
ഭൂമിയിൽ മഴയങ്ങ് കലിതുള്ളിനീങ്ങി.
മാനവർ മരണമണിഞ്ഞുനീങ്ങി
രക്തമണിഞ്ഞ മഴത്തുള്ളികൾ.

-ആദിത്യ.കെ

9G



# RING OF FIRE

A solar eclipse occurs when the moon passes directly between the earth and the sun. However, the distance between the moment of eclipse can dictate the type of eclipse that spectators will see. As a result moon does not always block out the entire sun.

The bright ring of sunlight around the moon at the height of the annual solar eclipse is how it earned the nickname “the ring of fire” eclipse.

Distance between the earth and the moon’s elliptical, egg shaped orbit. This means that there are times were it is closer to the earth and appears slightly larger in the sky and times were it is further away and appears slightly smaller in the sky.

While the difference in appearance is small, it has a huge effect when it come to solar eclipse.

A total solar eclipse is the most well-known type of eclipse and can only occur when the moon is near perigee, the point in its orbit where it is closest to the earth. The larger appearance allows the moons to block all of the sun, turning day into night for a few brief moment.

Viewing the sun directly can be damaging to your eyes and may cause permanent damage. Even a pair of sunglasses is not enough to block out sun’s harmful raise.

People should plan ahead and purchase a solar filter or a special pair of eclipse glasses that are specifically designed for safely viewing solar eclipse.

ASWANA ASHOK
9 E



# വലയഗ്രഹണം

കേരളത്തിന്റെ വടക്കുകിഴക്കൻ ജില്ലകളിൽ  ഡിസംബർ 26 ന്  നടന്ന നൂറ്റാണ്ടിന്റെ വിസ്മയമാണ് വലയസൂര്യഗ്രഹണം .ഗ്രഹണങ്ങൾ നാലുതരത്തിലുണ്ട് .

. പൂർണ്ണസൂര്യഗ്രഹണം

. ഭാഗികസൂര്യഗ്രഹണം

. വലയ സൂര്യഗ്രഹണം

. സങ്കര സൂര്യഗ്രഹണം

ഭൂമിയിൽ നിന്ന് നോക്കുമ്പോൾ ചന്ദ്രന്റെ കോണീയവ്യാസം സൂര്യനേക്കാൾ  ചെറുതായിരിക്കുന്നു.

ഒരു വലയസൂര്യഗ്രഹണം ഏകദേശം  7.32  സെക്കന്റ് നീണ്ടുനിൽക്കുന്നു . സൗദിരാജ്യങ്ങളിൽതുടങ്ങി ചൈനക്കടലിൽ അവസാനിക്കുന്നതാണ്  ഈ  വർഷത്തെ സൂര്യഗ്രഹണം

# ജ്ഞാനപീഠ
# പുരസ്കാരം
# {മലയാളം}








ജി.ശങ്കരകുറുപ്പ്
എസ്.കെ.പൊറ്റക്കാട്
തകഴി ശിവശങ്കരപ്പിള്ള
എം.ടി.വാസുദേവൻ നായർ
ഒ.എൻ.വി.കുറുപ്പ്
അക്കിത്തം അച്യുതൻ
നമ്പൂതിരി


PRIMEMINISTERS OF INDIA
JAWAHARLAL NEHRU
LAL BAHADUR SHASTRI
GULZARILAL NANDA
MORAJI DESAI
CHARAN SINGH
INDIRA GANDHI
RAJIV GANDHI
VISWANATH PRATAP SINGH
CHANDRA SHEKHAR
PV NARASIMHA RAO
HD DEVE
ATAL BIHARI VAJPAYEE
MANMOHAN SINGH
NARENDRA MODI
- BY ASWANA ASHOK
9 E

# മഴയ്ക്കലങ്കാരംനിണമോ

ആകാശത്തിന്റെ നെഞ്ചിടിപ്പായി
മേഘങ്ങൾ ഉറഞ്ഞുതുള്ളി
ഓരോ യാമങ്ങൾ നീണ്ടു പോകെ
നിലവിളികൾ ഉയർന്നു പൊങ്ങി
വറ്റിവരണ്ട ഭൂനിലമെല്ലാമിന്ന്
ഒറ്റയാൾ പോരാട്ട വേദിയായി
നാലു ചുവരുകൾക്കുള്ളിൽ അകപ്പെട്ടു
പൊലിഞ്ഞുപോയിന്നൊരു ജീവിതങ്ങൾ
വിടരാൻ കൊതിച്ചൊരു പൂനിലാവെല്ലാം
എവിടയോ മാഞ്ഞുമറഞ്ഞുപോയി
ഓരോഅടിയായ് ഉയർന്നു പൊങ്ങവെ
ഓരോ കൈകളായി തൊട്ടു തലോടവേ
ജീവിതം മുന്നിൽ കണ്ടുകൊതിച്ച
മൃതിയിൽ നിന്നും ഞങ്ങളെ തട്ടിയെടുത്തവൻ
ഒരു വാക്കു പറയാതെ മാഞ്ഞുപോയി
അവന്റെ മൃതിയിൽ ദുഖിക്കാനല്ലാതെ
മറ്റൊന്നുമില്ലാനിമിഷങ്ങളിൽ
അവന്റെ ഹൃദയത്തിൽ നിന്നുറ്റുവീണ
നിണമല്ലോ മഴയ്ക്കിന്നലങ്കാരം

-ജെന്നി കെ.സി

10th H



# NATURE IS MY LIFE


by Nikhila

Nature is my life
my mother is my nature
my life depends on nature
creatures in nature is my family.



I could hear the voice of nature
and i could but them
when i am sad, when i am angry
a wind will blew from nowhere.

It's make me feel better like as
i am lying on my mother
if am sad my nature
she would also
cry.



Our nature filled with joy
flower would blossom to show their joy
birds would sing and dance
lady bugs would line up for a cheerful dance.

When the flower blossom
the smell makes me,
like as I'm in a heaven
flower's decorate the nature.

She can adorn the earth
with her leaves and greens
the voice of nature make
itself a harmony.

The tree would gave us shade
like as if it is protecting us from danger
the season in nature charges day by day
and my life also change day by day.

The green in me, the happiness in me
decorate the earth and
make it a beautiful day
make it a heaven.

But nowadays, the future's harmony is destroying

**and we are suffering from what we are doing**
**as i am the child of nature**
**i would protect my nature.**

# വർണ്ണ മികവുകൾ


Anagha m

















Sandya
9c




പാത്തുമ്മയുടെ
ആട്



# SCHOOL ACTIVITY'S
















ഏഷ്യാനെറ്റ് ന്യൂസും ആദിശങ്കര കോളേജ് കാലടിയും സംഘടിപ്പിച്ച യങ് സൈന്റിസ്റ്റ് വിജയിയായതുവഴി NASA സന്ദർശിച്ച **കീർത്തൻ കെ.കെ** സംസ്ഥാനതലത്തിൽ സംഘടിപ്പിച്ച ശാസ്ത്രസെമിനാറിൽ രണ്ടാം സ്ഥാനവും ഇംഗ്ലീഷ് പ്രസംഗത്തിലും ബാലശാസ്ത്ര കോൺഗ്രസിലും എ ഗ്രേഡും നേടി

ഇത്തരത്തിലൊരു മാഗസീൻ
തയ്യാറാക്കാൻ ഞങ്ങളെ സഹായിച്ച ലിറ്റിൽ
കൈറ്റ്സ് അംഗങ്ങൾ,
അദ്ധ്യാപകർ , വിദ്യാർത്ഥിനി -വിദ്യാർ
ത്ഥികൾ , എല്ലാവർക്കും ഹൃദയംനിറഞ്ഞ

# നന്ദി ...

